## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.367 — 27.02.2017 ൽ മറുപടിയ്ക്ക്

## വില വർദ്ധനവ്

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) അസാധാരണമായ വിലവർദ്ധന വിലൂടെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 20 മുതൽ 60 % വരെ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യസാധങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് തടയുന്നതിനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അരിക്കട ഫെയറുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും നോൺ സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ |

| | |
|---|---|
| | ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെയും വ്യാപാര പ്രതിനിധികളുടെയും യോഗങ്ങൾ 2016 ജൂൺ, ആഗസ്റ്റ് മാസങ്ങളിലായി ചേർന്നു.<br><br>അരിയുടെ പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത, വിലക്കയറ്റം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ വ്യാപാരികളുടെ യോഗങ്ങൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ജയ അരി, മട്ട വടി അരി തുടങ്ങി ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന അരിയുടെ വില കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്രശതമാനം വർദ്ധിച്ചു എന്ന് വിശദീകരിക്കാമോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ജയ അരിയുടെ പ്രത്യേക ബ്രാൻഡായ ആന്ധ്ര ജയ അരിയ്ക്ക് 20% വും, മട്ട വടി അരിയ്ക്ക് 14% വും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി FCI ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴുക്കലരി, പച്ചരി എന്നിവ സംഭരിച്ച് യഥാക്രമം 25 രൂപ, 23 രൂപ എന്നീ ക്രമത്തിൽ വിതരണം നടത്തുന്നു. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33 രൂപയ്ക്ക് വിപണനം നടത്തുന്നുണ്ട്. കൂടാതെ അരി വില പിടിച്ചു നിർത്തുന്നതിന് പ്രത്യേകം അരിക്കടകളും തുറന്നിട്ടുണ്ട്. |
| (സി) റേഷൻ കടകളിൽ പൂർണ്ണ റേഷൻ നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2017 ജനുവരി 1 മുതൽ റേഷനരിയിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാ | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016 ജൂലൈ മുതൽ ഭക്ഷ്യ ധാന്യങ്ങളുടെ പ്രതിവർഷ കേന്ദ്ര അലോട്ട്മെന്റിന്റെ 22% വരുന്ന അഡ്ഹോക് അലോട്ട്മെന്റ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നില്ല. |

ക്കമോ ;

| | | |
|---|---|---|
| (ഡി) | എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് റേഷനരി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഭാഗത്തിന് പൂർണ്ണ റേഷൻ എന്നേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രത്തിൽ നിന്നും ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് ലഭിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണന/ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് അർഹമായ 10.25 ലക്ഷം മെ. ടൺ അരി കുറച്ച് ബാക്കിയുള്ള 4 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യങ്ങളാണ് മുൻഗണനേതര സബ്സിഡി വിഭാഗത്തിനും മുൻഗണനേതര വിഭാഗത്തിനും നൽകുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ